## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 861 — 11.06.2014 ൽ മറുപടിക്ക്

### കല്ലട ജലസേചന പദ്ധതിയുടെ അനുബന്ധ പ്രവൃത്തികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) | കല്ലട ജലസേചന പദ്ധതി ആരംഭിച്ചിട്ട് എത്ര വർഷമായി; പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തീകരണത്തിലേക്കായി എത്ര കോടി രൂപ ആവശ്യമായി വരും എന്ന് അറിയിക്കുമോ; | (എ) | കല്ലട ജലസേചന പദ്ധതി ആരംഭിച്ചിട്ട് 52 വർഷം കഴിഞ്ഞിരിക്കുന്നു. 90% ലക്ഷ്യം കൈവരിച്ച പദ്ധതികളെ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കണമെന്ന കേന്ദ്ര നിർദേശ പ്രകാരം 2004 ൽ കല്ലട ജലസേചന പദ്ധതി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. അവശേഷിച്ച പണികൾക്ക് വേണ്ടി വരുന്ന തുക ഈയിടെ നിലവിൽ വന്ന സി.പി.ഡബ്ല്യു.ഡി നിരക്കു പ്രകാരം പുനർനിർണ്ണയിക്കേണ്ടതായിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക കണ്ടെത്തുന്നതിലേക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; നാളിതുവരെ ഈ പദ്ധതിക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | പ്ലാൻ ഫണ്ടിൽ കെ.ഐ.പി. യ്ക്ക് ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ ആവശ്യമായ തുക കേന്ദ്ര സർക്കാരിന്റെ എഐബിപി - ഇആർഎം സ്കീമുകളിൽ ഉൾപ്പെടുത്തി കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. നാളിതുവരെ കല്ലട ജലസേചന പദ്ധതിക്ക് 86,412.56 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | കല്ലട ജലസേചന പദ്ധതിയിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും അനുബന്ധ പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിലേക്ക് അപേക്ഷയും എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ടോ; അതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും പ്രവർത്തന പുരോഗതിയും അറിയിക്കുമോ; | (സി) | കല്ലട ജലസേചന പദ്ധതിയിൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും അനുബന്ധ പ്രവർത്തനങ്ങളും പൂർത്തിയാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ബഹു. ചാത്തന്നൂർ എം എൽ.എ ശ്രീ. ജി. എസ്. ജയലാൽ നൽകിയ കത്ത് ലഭിച്ചിട്ടുണ്ട്. 2012 ഷെഡ്യൂൾ പ്രകാരമുള്ള എസ്റ്റിമേറ്റ് ഇ. ആർ.എം. സ്കീമിൽ ഉൾപ്പെടുത്തി നൽകാൻ വേണ്ടി പുതിയ സി.പി.ഡബ്ല്യു.ഡി നിരക്കിൽ പുനർനിർണ്ണയിച്ച ശേഷം അംഗീകാരത്തിനായി പരിഗണിക്കാവുന്നതാണ്. ഭൂതക്കുളം മൈനർ, ഭൂതക്കുളം സബ് മൈനർ എന്നിവയുടെ നിലവിലെ പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്യാനുള്ള നടപടി എടുത്തു വരുന്നു. അതിനു ശേഷം ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ അനുബന്ധ പ്രവൃത്തികളായ പൂതക്കുളം, പരവൂർ മേഖലയിലെ കനാൽ നിർമ്മാണ ജോലികൾ പൂർത്തീകരിക്കുവാൻ കേന്ദ്രഗവൺമെന്റ് പദ്ധതിയായ എക്സ്റ്റൻഷൻ, റിനോവേഷൻ, മോഡണൈസേഷൻ (ഇ.ആർ.എം.) പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ഡി) | ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ അനുബന്ധ പ്രവർത്തികളായ ഭൂതക്കുളം പരവൂർ മേഖലയിലെ നിർമ്മാണ ജോലികൾ കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ഇ.ആർ.എം. സ്കീമിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാൻ വേണ്ടിയാണ് 2012 റേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും ഇപ്പോൾ സി.പി.ഡബ്ല്യു.ഡി റേറ്റിലേക്ക് പുനർനിർണ്ണയിച്ചുകൊണ്ടിരിക്കുന്നതും. |

സെക്ഷൻ ഓഫീസർ